KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **22.05.2024**

# ഡിസ്‌പെയ്‌സിന്റെ ഏഷ്യയിലെ ആദ്യ കോംപിറ്റൻസ് കേന്ദ്രം തലസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു

- **സംസ്ഥാനത്തിന്റെ കരുത്താർന്ന ആവാസവ്യവസ്ഥയ്ക്കുള്ള അംഗീകാരമെന്ന് മന്ത്രി പി രാജീവ്**

**തിരുവനന്തപുരം:** സിമുലേഷൻ ആൻഡ് വാലിഡേഷൻ സേവനങ്ങൾ ലഭ്യമാക്കുന്ന ലോകത്തിലെ മുൻനിര കമ്പനിയായ ഡിസ്‌പെയ്‌സിന്റെ ഏഷ്യയിലെ ആദ്യത്തെ കോംപിറ്റൻസ് കേന്ദ്രം തലസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു. മനുഷ്യവിഭവശേഷിയാൽ സമ്പന്നമായ സംസ്ഥാനത്തിന്റെ ആവാസവ്യവസ്ഥ കരുത്തുറ്റതാണെന്ന് തെളിയിക്കാൻ ഇതിലൂടെ സാധിച്ചതായി നിയമ-വ്യവസായ-കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു.

ജർമ്മനി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡിസ്‌പെയ്‌സ് പോലുള്ള സോഫ്റ്റ്‌വെയർ അതികായൻമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനം സജ്ജമാണെന്ന് ഡിസ്‌പേയ്‌സ് ഇന്ത്യ സോഫ്റ്റ് വെയർ ആൻഡ് ടെക്നോളജീസിന്റെ ഉദ്യോഗസ്ഥരുമായി സംസാരിക്കവേ മന്ത്രി പറഞ്ഞു.

കണക്റ്റഡ്, ഓട്ടോണമസ്, ഇലക്ട്രിക്കൽ പവർ വാഹനങ്ങൾ വികസിപ്പിക്കുന്നതിന് ലോകമെമ്പാടുമുള്ള പ്രമുഖ ഓട്ടോമൊബൈൽ കമ്പനികൾക്ക് നിർണായക സേവനങ്ങൾ നൽകുന്ന ഡിസ്‌പേയ്‌സ് കഴക്കൂട്ടം കിൻഫ്രാ പാർക്കിലാണ് പ്രവർത്തനമാരംഭിച്ചത്. കമ്പനിയുടെ ഏഷ്യയിലെ ആദ്യത്തെ കോംപിറ്റൻസ് കേന്ദ്രമാണിത്. ജർമ്മനിയിലും ക്രൊയേഷ്യയിലുമാണ് മറ്റ് കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത്.

ഉയർന്നതോതിൽ നൈപുണ്യമുള്ള മനുഷ്യവിഭവശേഷി ഇവിടെയുണ്ട് എന്നതാണ് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്ന് മന്ത്രി രാജീവ് ചൂണ്ടിക്കാട്ടി. സമ്പദ് വ്യവസ്ഥയെയും സമൂഹത്തെയും വിജ്ഞാനാധിഷ്ഠിതമാക്കി മാറ്റുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

ബഹിരാകാശ മേഖലയ്ക്കും ഐടിയ്ക്കും അനുബന്ധ വിഭാഗങ്ങൾക്കും തലസ്ഥാനത്ത് മികച്ച ആവാസ വ്യവസ്ഥയാണുള്ളത്. നിർദ്ദിഷ്ട ബഹിരാകാശ പാർക്ക് ഡിസ്‌പെയ്‌സിന്റെ പ്രവർത്തനങ്ങൾക്ക് ഗുണകരമാകുമെന്നും അദ്ദേഹം പറഞ്ഞു. കഴിവുള്ള യുവാക്കൾക്ക് മികച്ച അവസരങ്ങൾ സൃഷ്ടിച്ച് അവരെ പ്രയോജനപ്പെടുത്തുന്നതിനൊപ്പം തലസ്ഥാനത്ത് ലഭ്യമായ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾക്കൊപ്പം പ്രയോജനപ്പെടുത്താൻ ഡിസ്‌പേയ്‌സിന് സാധിക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

വാഹന വ്യവസായത്തിൽ പോർഷെ, ജാഗ്വാർ, ബിഎംഡബ്ല്യൂ, ഓഡി, വോൾവോ, എവിഎൽ, ബോഷ്, ടാറ്റ മോട്ടോഴ്സ്, ഇസഡ്എഫ്, എംഎഎൻ, ടൊയോട്ട, ഹോണ്ട, ഫോർഡ്, സ്റ്റെല്ലാന്റിസ്, ഹ്യൂണ്ടായ്, വിഡബ്ല്യൂ, ജിഎം, ഡെയ്‌ംലർ, ഡെൻസോ, റെനോ തുടങ്ങിയ വമ്പൻമാരുടെ പേരുകൾ ഡിസ്‌പെയ്‌സിന്റെ ഉപഭോക്താക്കളിൽ ഉൾപ്പെടുന്നു.

കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി തന്നതിന് സംസ്ഥാന സർക്കാരിന് നന്ദി അറിയിക്കുന്നതായി ഡിസ്‌പെയ്‌സ് ഇന്ത്യ സോഫ്റ്റ്‌വെയർ ആൻഡ് ടെക്നോളജീസ് മാനേജിംഗ് ഡയറക്ടറും സിഇഒ യുമായ ആൻഡ്രിയാസ് ഗൗ പറഞ്ഞു. പദ്ധതികളുടെയും ഉത്പന്നങ്ങളുടെയും പൂർണ ഉത്തരവാദിത്തം കോംപിറ്റൻസ് കേന്ദ്രത്തിനായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ പല നഗരങ്ങളിലും അന്വേഷണം നടത്തിയെങ്കിലും സൗകര്യവും സാധ്യതയും കണക്കിലെടുത്താണ് സംസ്ഥാന തലസ്ഥാനം തിരഞ്ഞെടുത്തതെന്ന് ഡിസ്‌പെയ്‌സ് ഇന്ത്യ സോഫ്റ്റ്‌വെയർ ആൻഡ് ടെക്നോളജീസ് മാനേജിംഗ് ഡയറക്ടർ ഫ്രാങ്ക്ളിൻ ജോർജ് പറഞ്ഞു. ഇവിടെ നിന്ന് പ്രതിഭാധനരായ യുവാക്കളെ റിക്രൂട്ട് ചെയ്ത് എല്ലാ ന്യൂജെൻ സാങ്കേതികവിദ്യയുമായി കേന്ദ്രം പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയെപ്പോലുള്ള വലിയ വാഹന വിപണിയിൽ ഈ കമ്പനിക്ക് മികച്ച സാധ്യതയാണുള്ളതെന്ന് ഡിസ്‌പേയ്‌സ് വൈസ് പ്രസിഡന്റ് എൽമർ ഷ്മിറ്റ്സ് പറഞ്ഞു. കേരളത്തിൽ നിന്നുള്ള കൂടുതൽ ആളുകളെ ഇവിടെ നിയമിക്കുമെന്നും അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നതായും അദ്ദേഹം പറഞ്ഞു.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കൃഷ്ണൻ ആർ, കെഎസ്ഐഡിസി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ജിഎം വർഗീസ് മാളക്കാരൻ, കെഎസ്ഐഡിസി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ എജിഎം സുനി പി എസ്, കെഎസ്ഐഡിസി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ മാനേജർ പ്രശാന്ത് പ്രതാപ്, ഡിസ്പെയ്സ് ഓഫ്ഷോറിംഗ് ഇന്ത്യൻ മേധാവി മഞ്ജു മേരി ജോർജ്, ഡിസ്പെയ്സ് ജർമ്മനി സിഎഫ്ഒ ജെൻസ് ഗ്രോഷ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

1988 ൽ സ്ഥാപിതമായ ഡിസ്പെയ്സിന് ഓട്ടോമോട്ടീവ്, എയ്റോസ്പേസ്, കൊമേഴ്സ്യൽ, ഓഫ്-ഹൈവേ, ഇലക്ട്രിക് ഡ്രൈവുകൾ, അക്കാദമിക്, മെഡിക്കൽ എഞ്ചിനീയറിംഗ് തുടങ്ങിയ വിവിധ മേഖലകളിലായി മൂന്ന് പതിറ്റാണ്ടിലേറേ പ്രവർത്തന പാരമ്പര്യമുണ്ട്. സോഫ്റ്റ്വെയർ ഇൻ-ദി-ലൂപ്പ് (എസ്ഐഎൽ) ടെസ്റ്റിംഗ്, സെൻസർ ഡാറ്റ മാനേജ്മെന്റ്, സിമുലേഷൻ മോഡലിംഗ്, ഡാറ്റ അന്നോട്ടേഷൻ, ഡാറ്റ-ഡ്രൈവ് ഡെവലപ്മെന്റ്, പ്രോട്ടോടൈപ്പിംഗ്, ഹാർഡ് വെയർ ഇൻ-ദി-ലൂപ്പ് (എച്ച്ഐഎൽ) ടെസ്റ്റിംഗ്, മോഡൽ ബേസ്ഡ് ഡെവലപ്മെന്റ്, പ്രൊഡക്ഷൻ സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി വിവിധ സേവനങ്ങൾ കമ്പനി ലഭ്യമാക്കുന്നു. ലോകമെമ്പാടുമായി 2,600 ലധികം ജീവക്കാർ കമ്പനിക്കുണ്ട്.